മധുരമായ കുട്ടികളേ - സദാ ഈ ലഹരിയിലിരിക്കൂ നാം ശിവ വംശി

ചോദ്യം :- മുകളില് വീട്ടിലേക്ക് പോകാനുള്ള ലിഫ്റ്റ് എപ്പോള് ലഭിക്കും? ആര്ക്കാണ് ആ ലിഫ്റ്റിലിരിക്കുവാന് സാധിക്കുക?

ഉത്തരം :- സംഗമയുഗത്തില് തന്നെയാണ് വീട്ടിലേക്ക് പോകാനുള്ള ലിഫ്റ്റ് ലഭിക്കുന്നത്. ഏതുവരെ ബാബയുടേതായി മാറുന്നില്ലയോ, ബ്രാഹ്മണനാകുന്നില്ലയോ അതുവരേയും ആര്ക്കും ലിഫ്റ്റില് ഇരിക്കാന് കഴിയുകയില്ല. ലിഫ്റ്റിലിരിക്കുന്നതിനായി പവിത്രമായി മാറൂ, രണ്ടാമതായി സ്വദര്നചക്രം കറക്കൂ- ഇത് ചിറകുകള് പോലെയാണ്, ഈ ചിറകുകളുടെ ആധാരത്തില് വീട്ടിലേക്ക് പോകാന് കഴിയും.

ഗീതം :- ക്ഷമയോടെയിരിക്കൂ മനസ്സേ.....

ഓം ശാന്തി. മധുര-മധുരമായ സംഗമയുഗീ ബ്രാഹ്മണര്, ആരെയാണോ സ്വദര്ന ചക്രധാരികളെന്ന് പറയുന്നത്, അവര് ഇപ്പോള് ഗുപ്ത വേഷത്തില് പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങള് സംഗമയുഗീ ബ്രഹ്മാ മുഖവംശാവലികളാണെന്ന് ആര്ക്കും മനസ്സിലാക്കാന് കഴിയുകയില്ല. അതുകൊണ്ട് ഈ കുലത്തിന്റേയും ലഹരിയുണ്ടായിരിക്കണം കാരണം നിങ്ങള് തന്നെയാണ് ഈശ്വരീയ കുലത്തിലുള്ളവര്. ഈശ്വരന് തന്നെയാണ് നിങ്ങള് കുട്ടികളെ തന്റേതാക്കിമാറ്റിയത്, തന്നോടൊപ്പം കൊണ്ടുപോകുന്നതിന്. കുട്ടികള്ക്കുമറിയാം ബാബക്കുമറിയാം ആത്മാക്കള് പതിതമായി മാറിയിരിക്കുകയാണെന്ന്, ഇപ്പോള് പാവനമായി മാറണം. നാം ശിവവംശി ബ്രഹ്മാമുഖവംശാവലികളാണെന്ന നിശ്ചയം ഇപ്പോള് കുട്ടികള്ക്കുണ്ട്. നിങ്ങളുടെ പേര് ബ്രഹ്മാകുമാര് കുമാരിയെന്നാണ്. മുഴുവന് ലോകവും ശിവ വംശിയാണ്. ബ്രാഹ്മണ കുല ഭൂഷണരായിമാറിയതും ശിവബാബയെ തിരിച്ചറിഞ്ഞതിനു ശേഷമാണ്. ഈ സമയത്ത് നിങ്ങള് സാകാരത്തില് ബാബയുടേതായി മാറിയിരിക്കുകയാണ്. നിരാകാരി ലോകത്തിലായിരുന്ന പ്പോഴും സര്വ്വോത്തമ ശിവ വംശികളായിരുന്നു. എന്നാല് ബാബ സാകാരത്തില് വരുമ്പോള് നിങ്ങള് ബ്രഹ്മാ മുഖ വംശാവലികളാകുന്നു. ഒരു സെക്കന്റില് ബാബ എന്തില് നിന്ന് എന്താക്കിമാറ്റുന്നു! ബാബാ എന്നു പറഞ്ഞു, കുട്ടിയായി മാറി. ഏതുപോലെയാണോ ആത്മാവ് വായിലൂടെ സംസാരിക്കുന്നത് എന്നാല് കാണാന് കഴിയുന്നില്ല, അതേപോലെ ഞാനും ഇപ്പോള് സാകാരത്തില് വന്നിരിക്കുകയാണ്, സംസാരിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങള് ആത്മാക്കള്ക്ക് ഏതുവരേയും ശരീരം ലഭിക്കുന്നില്ലയോ അതേവരേയും പാര്ട്ട് അഭിനയിക്കുവാന് കഴിയുകയില്ല. നിങ്ങള് ബാല-യുവ-വൃദ്ധ അവസ്ഥകളിലൂടെ കടന്നുപോകുന്നു. ഞാന് ഈ അവസ്ഥകളിലൂടെ വരുന്നില്ല, അതുകൊണ്ടാണ് പറയുന്നത് എന്റെ ജന്മം ദിവ്യവും അലൗകികവുമാണെന്ന്. നിങ്ങളാണെങ്കില് ഗര്ഭത്തില് പ്രവേശിക്കുന്നു, ഞാന് പ്രവേശിക്കുന്നില്ല. ഞാന് സ്വയം പറയുകയാണ് - ഞാന് ബ്രഹ്മാ ശരീരത്തില്, ഇദ്ദേഹത്തിന്റെ വളരെ ജന്മങ്ങളുടെ അവസാനത്തെ ജന്മത്തില് വാനപ്രസ്ഥ അവസ്ഥയില് ഇവരില് പ്രവേശിച്ച് നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളെ ഒരു മനുഷ്യനൊന്നുമല്ല പഠിപ്പിക്കുന്നത് എന്തുകൊണ്ടെന്നാല് ഒരു മനുഷ്യനിലും ഈ ജ്ഞാനമില്ല. പറയുന്നുമുണ്ടല്ലോ പതിതപാവനാ വരൂ, എങ്കില് പതിത-പാവനന് ആരാണ്? കൃഷ്ണനാണെങ്കില് സത്യയുഗത്തിലെ ഒന്നാമത്തെ രാജകുമാരനാണ്. അദ്ദേഹത്തിന് പതിത-പാവനനാകാന് കഴിയുകയില്ല. മനുഷ്യര് മരിക്കുന്ന സമയത്ത് രാമ-രാമ എന്നു പറയുന്നു, ആരെയെങ്കിലും തൂക്കുമരത്തിലേറ്റുമ്പോഴും പുരോഹിതന്മാര് അവരോട് പറയാറുണ്ട് ഗോഡ് ഫാദറിനെ ഓര്മ്മിക്കൂ എന്തുകൊണ്ടെന്നാല് ഫാദര് തന്നെയാണ് സുഖദാതാവ്. ബാബ തന്നെ വന്നാണ് എല്ലാ രഹസ്യങ്ങളും പറഞ്ഞു തരുന്നത് അതായത് ഇപ്പോള് സംഗമയുഗമാണ്, നമ്മുടെ സുഖത്തിന്റെ നാളുകള് വന്നുകൊണ്ടിരിക്കുകയാണ്. 84 ജന്മം പൂര്ത്തിയായിരിക്കുകയാണ്. ഇപ്പോള് സംഗമയുഗത്തിന്റെ ശ്രേഷ്ഠ സമയമാണ്. ഈ ഒരു യുഗത്തില് മാത്രമാണ് ശ്രേഷ്ഠമായി മാറുന്നത്. ഇപ്പോള് മുകളിലേയ്ക്ക് പോകാനുള്ള ലിഫ്റ്റ് ലഭിച്ചിരിക്കുകയാണ്. എന്നാല് ഏതുവരെ പവിത്രമായി മാറുന്നില്ലയോ, സ്വദര്ശന ചക്രധാരിയായി മാറുന്നില്ലയോ അതുവരേയും ലിഫ്റ്റിലിരിക്കാന് കഴിയുകയില്ല. ഈ സമയത്ത് നിങ്ങള്ക്ക് ചിറകുകള് ലഭിച്ചുകൊണ്ടിരിക്കുകയാണ് കാരണം മായ ചിറകുകള് മുറിച്ചിരിക്കുകയാണ്. നിങ്ങളിപ്പോള് സംഗമയുഗത്തിലാണ്, സത്യയുഗീ രാജധാനിയിലേക്ക് പോകാനുള്ള പുരുഷാര്ത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ബാക്കി, എല്ലാവര്ക്കും സുഖത്തിന്റെ ദിനങ്ങള്

വന്നുകൊണ്ടിരിക്കുകയാണ്. നിങ്ങള്ക്കിപ്പോള് ബാബ ധൈര്യം നല്കുകയാണ്. ബാക്കി ലോകം മുഴുവനും ഘോരമായ ഇരുട്ടിലാണ്.

ബാബ പറയുകയാണ് നിങ്ങള് സ്വദര്ശന ചക്രധാരി ബ്രാഹ്മണകുല ഭൂഷണരാണ്. ഇത് പുതിയവരാരെങ്കിലും കേള്ക്കുകയാണെങ്കില് പറയും ഇവര്ക്കെങ്ങിനെ സ്വദര്ശനചക്രധാരികളാകാന് കഴിയും? സ്വദര്ശന ചക്രധാരി വിഷ്ണുവാണല്ലോ, എത്ര വ്യത്യസ്ത ജ്ഞാനമാണ്! നിങ്ങള് കുട്ടികളുടെ ബുദ്ധിയില് മുഴുവന് ചക്രവുമുണ്ട്. ഈ സമയത്ത് നിങ്ങള് ഈശ്വരീയ സന്താനങ്ങളാണ്, പിന്നീട് ദേവിക സന്താനങ്ങളാകുന്നു, പിന്നീട് വൈശ്യ, ശൂദ്ര സന്താനങ്ങളായി മാറുന്നു. ഈ സമയത്ത് ഏറ്റവും ഉയര്ന്നത് ഈശ്വരീയ കുലമാണ്. വാസ്തവത്തില് എല്ലാ മഹിമയും ശിവന്റെയാണ്. പിന്നെ ശിവശക്തികളുടെ, പിന്നെ ദേവതകളുടെ എന്തുകൊണ്ടെന്നാല് നിങ്ങള് ഈ സമയത്ത് സേവനം ചെയ്യുകയാണ്. ആരാണോ സേവനം ചെയ്യുന്നത് അവര്ക്കാണ് പദവി ലഭിക്കുന്നത്. നിങ്ങള് ആത്മീയ-സാമൂഹിക സേവകരാണ്, ഭൗതിക സേവകരാണെങ്കില് അനേകമുണ്ട്. നിങ്ങള്ക്കിപ്പോള് ആത്മീയ ലഹരിയുണ്ട്, നാം അശരീരിയായി വന്നിരുന്നു, ശേഷം സ്വരാജ്യം പ്രാപ്തമാക്കിയിരുന്നു. നിങ്ങള്ക്ക് ബാബ മുഖേന മുഴുവന് ജ്ഞാനവും ലഭിച്ചിരിക്കുകയാണ്. സ്മൃതിയുണര്ന്നിരിക്കുകയാണ് - ഇതിനെയാണ് പറയപ്പെടുന്നത് സ്മൃതിലബ്ധായെന്ന്. ഇപ്പോള് ബാബ തന്നെ വന്നാണ് സ്മൃതി നല്കുന്നത്, അതായത് നിങ്ങള്തന്നെയാണ് ദേവത, ക്ഷത്രിയരാകുന്നത്. ഇപ്പോള് 84 ജന്മങ്ങള്ക്ക് ശേഷം വന്ന് മിലനം ചെയ്യുകയാണ്. ഇത് സംഗമയുഗി കുംഭമേളയാണ്, ആത്മാവിന്റെയും പരമാത്മാവിന്റെയും. പരമാത്മാവ് വന്ന് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, അതായത് സര്വ്വ ശാസ്ത്രമയി ശിരോമണി ഗീതാ ജ്ഞാനം നല്കിക്കൊണ്ടിരിക്കുകയാണ്. അവര് ഗീതയില് കൃഷ്ണന്റെ പേരിട്ടിരിക്കുകയാണ്. കൃഷ്ണനായിരുന്നുവെങ്കില് എല്ലാവരും ഇവിടെ ഓടിയെത്തുമായിരുന്നു കാരണം കൃഷ്ണനില് വളരെയധികം ആകര്ഷണമുണ്ട്. സത്യയുഗത്തിലെ ഒന്നാമത്തെ രാജകുമാരനാണ്. ഇപ്പോള് കൃഷ്ണന്റെ ആത്മാവ് കേട്ടുകൊണ്ടിരിക്കുകയാണ്, മാത്രമല്ല കൃഷ്ണപുരിയില് പോകുന്നവരും കേട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോള് നിങ്ങക്ക് സ്മൃതിയുണര്ന്നു നാം തന്നെയാണ് കൃഷ്ണപുരിയിലേയും അഥവാ ലക്ഷ്മീ-നാരായണ പുരിയിലേയും നിവാസികള്. ബാബ ജ്ഞാന സാഗരനാണ്, ബാബയിലുള്ള ജ്ഞാനം നമുക്ക് നല്കിക്കൊണ്ടിരിക്കുകയാണ്. ഏതു ജ്ഞാനം? പരമാത്മാവിനെ ബീജരൂപമെന്ന് പറയപ്പെടുന്നു, എങ്കില് മുഴുവന് വൃക്ഷത്തിന്റേയും ജ്ഞാനം നല്കുകയാണ്. ജ്ഞാന സാഗരനാണ്, അതുകൊണ്ടാണ് പതിത പാവനനാകുന്നത്. എഴുതുമ്പോള് മനസ്സിലാക്കി എഴുതണം. ആദ്യം പതിത പാവനനെന്നു പറയണമോ അതോ ജ്ഞാന സാഗരനെന്നു പറയണമോ? തീര്ച്ചയായും ജ്ഞാനമുണ്ട്, അതുകൊണ്ടാണ് പതിതരെ പാവനമാക്കുന്നത്. എങ്കില് ആദ്യം ജ്ഞാന സാഗരനെന്നും പിന്നെ പതിത പാവനനെന്നും എഴുതണം. എങ്ങിനെയാണ് 84 ജന്മങ്ങളെടുക്കുന്നതെന്ന് ജ്ഞാന സാഗരനായ ബാബ തന്നെയാണ് കേള്പ്പിക്കുന്നത്. ഒരാളോട് മാത്രമായി പറയില്ലല്ലോ? ഇത് രാജയോഗത്തിന്റെ പാഠശാലയാണ്. പാഠശാലയില് വളരെ പേരുണ്ടാകും. ഒരാളെ മാത്രമായി പഠിപ്പിക്കുമോ. നമ്മള് പറയുകയാണ്, അച്ഛനാണ്, ടീച്ചറാണ്, എന്നാല് വളരെ പേരെ പഠിപ്പിക്കുന്നു. വളരെ പേര് പഠിപ്പിക്കുന്നത് നിങ്ങള് കാണുന്നുണ്ടല്ലോ. വൃദ്ധിയും സംഭവിച്ചുകൊണ്ടിരിക്കുന്നു. വൃക്ഷം പതുക്കെ-പതുക്കെ അഭിവൃദ്ധി പ്രാപിക്കുന്നു. വൃക്ഷത്തില് കുറച്ച് പഴങ്ങളുണ്ടാകുമ്പോള് തന്നെ പക്ഷികള് അതിനെ കഴിക്കുന്നു. ഈ വൃക്ഷത്തിനും അതുപോലെ മായയുടെ കൊടുങ്കാറ്റ് ധാരാളം വരുന്നതായി നിങ്ങള് കാണുന്നുണ്ടല്ലോ, അതില്പ്പെട്ട് നല്ല നല്ല കുട്ടികള് പോലും വീണുപോകുന്നു. തുടക്കത്തില് ബാബ കുട്ടികളുടെ ചില പെരുമാറ്റങ്ങള് കാണുമ്പോള് പറയുമായിരുന്നു, നിങ്ങളുടെ ഇങ്ങനെയുള്ള പെരുമാറ്റത്തിലൂടെ നിങ്ങള്ക്ക് ഈ യജ്ഞത്തില് തുടര്ന്നുപോകാന് പ്രയാസമായിരിക്കുമെന്ന്, അതുകൊണ്ട് ശ്രീമതപ്രകാരം നടക്കൂ. അവര് പറയുമായിരുന്നു, എന്തു തന്നെയായാലും ഞങ്ങള് ഒരിക്കലും ഓടിപ്പോകുകയില്ല. എന്നിട്ടും അവര് ഓടിപ്പോയി. അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്, ആശ്ചര്യത്തോടെ കേട്ടു, കേള്പ്പിച്ചു, ഓടിപ്പോയിയെന്ന്. നിങ്ങളിത് പ്രത്യക്ഷത്തില് കണ്ടുകൊണ്ടിരിക്കുകയാണ്. മായ തൊട്ടു മുന്നില് തന്നെയുണ്ട്, മല്ലയുദ്ധം നടന്നുകൊണ്ടിരിക്കുന്നുണ്ട്, അതുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നത്. രണ്ടുഭാഗത്തും മല്ലന്മാരാണ്, ചിലപ്പോള് ചിലര് ജയിക്കുന്നു, ചിലപ്പോള് മറ്റുള്ളവര് ജയിക്കുന്നു. നിങ്ങള്ക്കിപ്പോള് മായയുമായാണ് യുദ്ധം. മായയോട് വിജയം പ്രാപ്തമാക്കി നിങ്ങളിപ്പോള് രാജധാനി സ്ഥാപിക്കുകയാണ്.

ബാബ പറയുകയാണ് വിനാശത്തിന്റെ അടയാളമാണ് - ഈ ബോംബുകള്. ശാസ്ത്രങ്ങളിലെഴുതിയിട്ടുണ്ട് - വയറ്റില് നിന്ന് ഇരുമ്പുലക്ക(മിസൈല്) വന്ന് അവനവന്റെ തന്നെ കുലത്തിന്റെ വിനാശം വരുത്തിവെച്ചുയെന്ന്. നിങ്ങള് കുട്ടികള്ക്കറിയാം പുതിയ ലോകം സ്ഥാപിക്കുന്നതിന് ബാബ വന്നിരിക്കുകയാണ്. അതുകൊണ്ട് തീര്ച്ചയായും

പഴയ ലോകത്തിന്റെ വിനാശമുണ്ടാവുക തന്നെ വേണം. അല്ലെങ്കില് നമ്മള് എവിടെ രാജ്യം ഭരിക്കും. ഈ പഠനത്തിന്റെ പ്രാപ്തി ഭാവിയിലെ പുതിയലോകത്തിലേക്കാണ്. മറ്റുള്ളവര് പുരുഷാര്ത്ഥം ചെയ്യുന്നത് ഈ ലോകത്തിനുവേണ്ടിയാണ്. സന്യാസിമാരും പുരുഷാര്ത്ഥം ചെയ്യുന്നത് ഈ ലോകത്തിലേയ്ക്ക് വേണ്ടിയാണ്. നിങ്ങള് പറയുന്നത് നമ്മള് ഈ ലോകത്തിലേക്ക് തന്നെ വന്ന് രാജ്യം ഭരിക്കുമെന്നാണ്. എന്നാല് ഗുപ്ത രൂപത്തിലായതു കാരണം കുട്ടികള് ഇടക്കിടെ മറക്കുകയാണ്. അല്ലെങ്കില് ഉയര്ന്ന പദവിയിലിരിക്കുന്നവര് എവിടേക്ക് പോയാലും അവര്ക്ക് സ്വീകരണം ലഭിക്കുമല്ലോ. ലണ്ടനില് നിന്ന് ഇവിടെ രാജ്ഞി വന്നപ്പോള് എത്ര ഊഷ്മളമായ സ്വീകരണമാണ് നല്കിയത്. ബാബ എത്ര വലിയ പ്രമാണിയാണ് എന്നാല് നിങ്ങള് കുട്ടികള്ക്കല്ലാതെ മറ്റാര്ക്കും അറിയുകയില്ല. നമുക്ക് ഷോ(പുറംമോടി) കാണിക്കാനും കഴിയുകയില്ല കാരണം ഇത് പുതിയകാര്യമാണ്. ഈ ബ്രഹ്മാവ് എവിടെ നിന്ന് വന്നു എന്നതില് മനുഷ്യര് ആശയക്കുഴപ്പത്തിലാണ്. എന്തുകൊണ്ടെന്നാല് ഇന്ന് പലരും ഓരോ ടൈറ്റിലുകള്(പദവി) നല്കാറുണ്ട്. ബാബ പറയുകയാണ്, ഇത് ഇരുട്ടിന്റെ നഗരമാണ് . . . . . . ഒന്നും തന്നെ അറിയുകയില്ല. സന്യാസി, ഗുരുക്കന്മാര് മുതലായവര് സര്വ്വവ്യാപിയെന്ന് പറഞ്ഞിരുന്ന ആ അച്ഛന് വന്നിരിക്കുകയാണ്, വന്ന് മുക്തിയും ജീവന് മുക്തിയും നല്കിക്കൊണ്ടിരിക്കുകയാണ്, എന്ന് അവര് അറിയുകയാണെങ്കില്, പിന്നെ അവരും വന്ന് മുക്തി-ജീവന്മുക്തി നേടാമെന്നു ചിന്തിക്കും, എനിക്ക് മുക്തമാകാന് പോലും പറ്റാത്ത വിധത്തില് അവര് എന്റെ കാലു പിടിക്കാനായി വരും. അങ്ങിനെയാണെങ്കില് എല്ലാവരും പറയാന് തുടങ്ങും ഇവരുടെ പക്കല് മായാജാലമാണ്, ഈ ഗുരക്കന്മാരുടേയും തലതിരിഞ്ഞിരിക്കുകയാണ്. എന്നാല് ഇപ്പോള് അങ്ങിനെ സംഭവിക്കില്ല, ഇങ്ങിനെ അവസാന സമയത്തേ ഉണ്ടാകൂ. പറയാറുണ്ടല്ലോ കന്യകമാര് ഭീഷ്മ പിതാമഹനെ ബാണമെയ്തു വീഴ്ത്തി. ഇങ്ങിനെയും കാണിക്കുന്നുണ്ട് - ബാണം തൊടുത്തപ്പോള് ഗംഗാജലം വന്നു. അവസാന സമയം എല്ലാവരെയും ജ്ഞാനാമൃതം കുടിപ്പിച്ചു എന്നതും ശരിയാണ്. മനുഷ്യര്ക്കാണെങ്കില് ഒന്നും തന്നെ അറിയുകയില്ല. അവര് പറയുകയാണ് പരമാത്മാവ് സര്വ്വവ്യാപിയാണ്. ബുദ്ധനേയും സര്വ്വവ്യാപിയാണെന്നു പറയുന്നു. അതുകൊണ്ടാണ് പറയുന്നത് കല്ലുബുദ്ധികളാണെന്ന്. നമ്മളും ആദ്യം കല്ലുബുദ്ധികളായിരുന്നു. ബാബ വന്ന് പറഞ്ഞുതരികയാണ് ഗോഡ് ഫാദറിനെ ഒരിക്കലും സാകാരിയെന്നോ ആകാരിയെന്നോ പറയാന് കഴിയുകയില്ല, അദ്ദേഹം നിരാകാരനാണ്. അദ്ദേഹത്തെ സുപ്രീം സോള്(പരമാത്മാവ്) എന്ന് പറയപ്പെടുന്നു. അരക്കല്പം നിങ്ങള് ഭക്തി ചെയ്തു. പറയാറുമുണ്ടല്ലോ - ഭക്തി ചെയ്ത് ചെയ്ത് തീര്ച്ചയായും ഭഗവാനെ ലഭിക്കും, എന്നാല് ഇപ്പോള് ഭക്തി ചെയ്ത് ചെയ്ത് ദുര്ഗതിയിലായിരിക്കുകയാണ്, ഇപ്പോള് ബാബ വന്ന് സത്ഗതി ചെയ്യുകയാണ്. സര്വ്വരുടേയും സദ്ഗതിദാതാവാണെന്ന് പറയാറുണ്ട്. എന്നാല് മനുഷ്യര് മനസ്സിലാക്കുന്നില്ല പരമാത്മാവ് എപ്പോള്, ഏതുരൂപത്തില് വരുമെന്ന്. ദ്വാപരയുഗത്തില് കൃഷ്ണന്റെ രൂപത്തില് വരുമെന്ന് പറയുന്നു, ഇതിനെയാണ് ഘോരമായ അജ്ഞാന അന്ധകാരമെന്ന് പറയുന്നത്. കുംഭകര്ണ്ണനെ ഉറക്കത്തില് നിന്ന് ഉണര്ത്താന് ശ്രമിച്ചു, പക്ഷെ ഉണര്ന്നില്ല എന്ന് കേട്ടിട്ടുണ്ട്. അതുകൊണ്ട് ബാബ ഇപ്പോള് നിര്ദ്ദേശം നല്കുകയാണ്, പവിത്രമായി ഭഗവാനില് നിന്ന് നേരിട്ട് ഗീത കേള്ക്കൂ. 7 ദിവസം മറ്റു സംഗങ്ങളില് നിന്ന് വേറെ ഇരുത്തൂ. ദാനം നല്കിയാല് ഗ്രഹണം ഒഴിഞ്ഞുമാറും. ഇപ്പോള് എല്ലാവരിലും 5 വികാരങ്ങളുടെ ഗ്രഹണം ബാധിച്ചിരിക്കുകയാണ്, അതുകൊണ്ട് പതിതമായിരിക്കുകയാണ്. രാവണ രാജ്യമല്ലേ. ഇപ്പോള് ബാബ പറയുകയാണ് - കുട്ടികളേ നിങ്ങള് എന്റേതായി മാറൂ, മറ്റാരുടെയുമല്ല. ശ്രീ-ശ്രീ 108-ന്റെ ശ്രീമത പ്രകാരം നടക്കുകയാണെങ്കില് നിങ്ങള് 108 ന്റെ വിജയമാലയിലെ മുത്തായി മാറും. ഞാന് മാലയിലെ മുത്തായി മാറുന്നില്ല. ഞാന് വേറിട്ടവനാണ്, അതിന്റെ അടയാളമാണ് പുഷ്പം. ഇരട്ട മുത്തുകളായി (ദമ്പതി സ്വരൂപങ്ങളായി) ബ്രഹ്മാ-സരസ്വതിയെ കാണിക്കുന്നു. നിവൃത്തി മാര്ഗ്ഗത്തിലുള്ളവര്ക്ക് മാലയിലെ മണികളാകാന് കഴിയുകയില്ല. ശരിയാണ്, അവര് പവിത്രത ധാരണ ചെയ്യുന്നത് നല്ലതു തന്നെ. എന്നാല് മറ്റുള്ള ഗുരുവിന് സദ്ഗതി നല്കുവാന് കഴിയുകയില്ല. സദ്ഗതി ദാതാവ് ഒരു സത്ഗുരു മാത്രമാണ്. സത്ഗുരു അകാലനാണ് എന്ന് പറയാറുണ്ട്, സത്ഗുരു എന്ന് ഒരു പരമാത്മാവിനെയാണ് പറയുന്നത്. സാകാര ഗുരുക്കന്മാര്ക്ക് ഒരിക്കലും അകാലമൂര്ത്തികളാകാന് കഴിയുകയില്ല. ലൗകിക അച്ഛന്, ടീച്ചര്, ഗുരു എന്നിവരെ കാലന് കൊണ്ടുപോകുന്നു. എന്നെ കാലന് കൊണ്ടുപോകാന് കഴിയുകയില്ല. ബാബ എത്ര നല്ല നല്ല കാര്യങ്ങളാണ് പറഞ്ഞുതരുന്നത്. ഈ സഹജമായ കാര്യങ്ങളും മനസ്സിലാക്കാന് കഴിയാത്തവരോട് ബാബ പറയുകയാണ്, ബാബയുടെ ഓര്മ്മയിലിരിക്കൂ. ചക്രത്തേയും ഓര്മ്മിക്കൂ. ബാബയോടൊപ്പം സമ്പത്തിനേയും ഓര്മ്മിക്കണം. ബാബയെ ഓര്മ്മിക്കുന്നതിലൂടെ വികര്മ്മങ്ങള് ഭസ്മമാകും. ബാബ സന്മുഖത്ത് വന്നിരിക്കുകയാണ്. ബാബയെ അശരീരിയെന്ന് പറയപ്പെടുന്നു. ബ്രഹ്മാ-വിഷ്ണു-ശങ്കരന് മുതലായവര്ക്ക് അവരവരുടെ ശരീരമുണ്ട്. എനിക്ക് എന്റേതായ ശരീരമില്ല. നിങ്ങള്ക്ക് അമ്മാവന്, ചെറിയച്ഛന് മുതലായവരെല്ലാമുണ്ട്. എനിക്ക് മാമനും

ചെറിയച്ഛനൊന്നുമില്ല. ഞാന് വരുന്നുമുണ്ട്, പക്ഷെ, നിങ്ങളെങ്ങിനെ വരുന്നു, ഞാനെങ്ങിനെ വരുന്നു! ഗോഡ് ഫാദര് എന്നു പറഞ്ഞ് വിളിക്കുന്നുണ്ടല്ലോ, പക്ഷെ എവിടെ നിന്നാണ് വരുന്നത്? പരമധാമത്തില് നിന്ന്. നിങ്ങളും അവിടെ നിന്നു തന്നെയാണ് ഇവിടെക്കു വരുന്നത്, അതിനെ ബ്രഹ്മാണ്ഡം എന്ന് പറയുന്നു. ഈ സമയത്ത് നിങ്ങള് ബ്രഹ്മാമുഖവംശാവലികള് രുദ്ര ജ്ഞാനത്തിന്റെ രക്ഷകരാണ്. രാജയോഗത്തിന്റെ പഠിപ്പ് നല്കുന്നവരാണ്, രാജയോഗം പഠിപ്പിക്കുന്ന നിങ്ങള് ടീച്ചറായില്ലേ. ശരി.

വളരെക്കാലത്തെ വേര്പാടിന് ശേഷം തിരികെ ലഭിച്ച കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) മാലയിലെ മുത്തായി മാറുന്നതിനുവേണ്ടി എനിക്ക് ശിവബാബയല്ലാതെ മറ്റാരും തന്നെയില്ലായെന്ന ധാരണയില് ഉറച്ചു കഴിയണം. സ്തുതിസ്വരൂപമായിത്തീരണം.

2) ശ്രീ - ശ്രീ 108 ശിവബാബയുടെ ശ്രീമതപ്രകാരം പൂര്ണ്ണമായും നടക്കണം. എന്റെ-എന്റെ എന്നതിനെ ഉപേക്ഷിച്ച് ഗ്രഹണത്തില് നിന്ന് മുക്തമാകണം.

വരദാനം :- ബ്രാഹ്മണ ജീവിതത്തില് സദാ സുഖത്തിന്റെ അനുഭവം ചെയ്യുന്ന മായാജീത്ത്, ക്രോധമുക്തരായി ഭവിക്കൂ

ബ്രാഹ്മണ ജീവിതത്തില് സുഖത്തിന്റെ അനുഭവം ചെയ്യണമെങ്കില് ക്രോധജീത്താകേണ്ടത് അത്യാവശ്യമാണ്. ആരെങ്കിലും മോശം പറയട്ടെ, അപമാനിക്കട്ടെ എന്നാല് താങ്കള്ക്ക് ക്രോധം വരരുത്. ആവേശം കാണിക്കുന്നതും ക്രോധത്തിന്റെ തന്നെ അംശമാണ്. ഇങ്ങനെയല്ല ക്രോധിക്കുക അത്യാവശ്യമായ കാര്യമാണ്, അല്ലെങ്കില് കാര്യം നടക്കില്ല. ഇന്നത്തെ കാലമനുസരിച്ച് ക്രോധത്തിലൂടെ കാര്യം മോശമാകുകയാണ് എന്നാല് ആത്മീക സ്നേഹത്തിലൂടെ, ശാന്തിയിലൂടെ താറുമാറായ കാര്യം പോലും ശരിയാകുന്നു അതുകൊണ്ട് ഈ ക്രോധത്തെ വളരെ വലിയ വികാരമാണെന്ന് മനസ്സിലാക്കി മായാജീത്ത്, ക്രോധ മുക്തരാകൂ.

സ്ലോഗന് :- തന്റെ മനോഭാവത്തെ ഇങ്ങനെ ശക്തിശാലിയാക്കൂ അതിലൂടെ അനേകം ആത്മാക്കള് യോഗ്യരും യോഗിയുമായി തീരട്ടെ.